**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T4180** **24.10.2016-ൽ മറുപടിക്ക്**

**ക്ലീൻ ക്യാംപസ്-സേഫ് ക്യാംപസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ഡോ. എം.കെ. മുനീർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ക്ലീൻ ക്യാംപസ്-സേഫ് ക്യാംപസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സ്കൂളുകളിൽ ലഹരി/മയക്കു മരുന്നിന്റെ ഉപയോഗം തടയുന്നതിനായി കൊണ്ടുവന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ വളർന്നുവരുന്ന പുകയില, മദ്യം, മയക്ക് മരുന്ന് എന്നിവയുടെ ഉപയോഗം തടയുന്നതിനും വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും ശുചിത്വത്തിനും വേണ്ടി സംസ്ഥാന സർക്കാർ, പോലീസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്.' സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്ന്, മദ്യം, നിരോധിത പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ വിൽക്കാൻ ശ്രമിക്കുന്നവർക്കെതിരെ COTPA, NDPS Act, Kerala Abkari Act, KP Act പ്രകാരവും മറ്റും നടപടികൾ സ്വീകരിക്കുന്നതിനും സ്കൂളും പരിസരവും ശുചിമുറികളും വൃത്തിയായി സൂക്ഷിക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും സ്കൂൾ കോളേജ് പരിസരങ്ങൾ അപകടരഹിത മേഖലയാക്കുന്നതിനും സ്കൂൾ കോളേജ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി ഒരു നല്ല വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതിയുടെ |

ലക്ഷ്യം. ഇതിനുപുറമേ മയക്കുമരുന്ന് ഉപയോഗത്തിന് വിധേയരായ വിദ്യാർത്ഥികളെ കൗൺസിലിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ? | (ബി) ലഹരിക്കടിമകളായ ധാരാളം കുട്ടികളെ ബോധവൽക്കരണത്തിലൂടെയും ചികിത്സയിലൂടെയും പൂർവ്വസ്ഥിതിയിലാക്കാനും സ്കൂൾ-കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനം കുറയ്ക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനും ശുചിത്വബോധം ഉണ്ടാക്കുന്നതിനും രക്ഷിതാക്കളുടെ ഇടയിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനും വിദ്യാലയങ്ങളിൽ സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ